# പെരുനാളുകൾക്ക് ഉപയോഗിക്കുന്ന പ്രദക്ഷിണ ഗീതങ്ങൾ

(*ഉടയോൻ നാഥാ, ഗിരിസീനായ്* ........എന്ന രീതി)

വന്ദ്യദിവ്യശ്രീ പാത്താമുട്ടം എം. സി. കുറിയാക്കോസ് റമ്പാൻ രചിച്ച് സഭാകവി സി. പി. ചാണ്ടി ഭാഷാശുദ്ധി വരുത്തിയ "സ്വർഗ്ഗരാജ്യ..." എന്ന ഗീതം മലങ്കരയിലെങ്ങും സുപ്രസിദ്ധമാണ്. പ്രധാനമായും പ്രദക്ഷിണഗീതമായി ഉപയോഗിക്കുന്ന ഇത് പ്രാർത്ഥനായോഗങ്ങൾക്കും, കൺവൻഷനുകൾക്കും, വീടുകളിൽ സന്ധ്യാപ്രാർത്ഥനയ്ക്കു മുമ്പും, മരണവീട്ടിലും ഉപയോഗിക്കാവുന്നതാണ്.

പള്ളിപ്പെരുനാളുകളിൽ രാത്രി റാസയ്ക്കു നാലാം വരി *"മംഗളമായ് തീരണമീ പെരുനാൾ"* എന്നു മാറ്റിയും പകൽ റാസയ്ക്കു പാട്ടിൽ കാണുന്ന പ്രകാരവും മുഴുവൻ ചൊല്ലാം.

ഏതൊരാളുടെയും മരണം സമീപിക്കുമ്പോഴോ, മരണാനന്തരം മൃതദേഹം എടുക്കുന്നതിനു മുമ്പോ നാലാം വരി *"ഓർക്കണമീ ദാസനെ (ദാസിയെ) എന്നാളും"* എന്നു മാറ്റിയും ചൊല്ലാവുന്നതാണ്.

ചുരുക്കി ഉപയോഗിക്കുമ്പോൾ പിതാവ്, പുത്രൻ, പരിശുദ്ധറൂഹാ, വി. ദൈവമാതാവ് എന്നിവരെ സ്മരിക്കുന്ന 1, 2, 3, 4 എന്നീ ശീലുകളും, ഏതു പരിശുദ്ധരുടെ പെരുന്നാൾ കൊണ്ടാടുന്നുവോ ആ പരിശുദ്ധരുടെ ശീലുകളും ചൊല്ലിയ ശേഷം വി. മാലാഖമാരേയും, സകല പരിശുദ്ധന്മാരെയും, സകല പരേതരേയും സ്മരിക്കുന്ന അവസാന (25) ശീലും ചൊല്ലിയാൽ മതി.

പെരുന്നാൾ പ്രദക്ഷിണങ്ങളിൽ ഓരോ ശീലുകൾക്കും ശേഷം താഴെ കാണുന്ന ശീലും മാറി മാറി ചൊല്ലണം.

ഈ-പെരുന്നാളിൽ,-ജഗദീശാ കൃപയാൽ-തൃക്കൺപാർത്തിട്ടീ-
യാരാധകരാം അടിയാർതൻ,-പ്രാർത്ഥനനേർച്ചകളെന്നിവയെ
കനിവൊടു കൈക്കൊണ്ടുൾതെളിവോ - ടീ ദേശത്തിന്നനവരതം
*കർത്താവേ - ശ്രീയരുളീടണമേ.*

## INDEX



| | | |
|---|---|---|
| **1** | **Holy Father** | |
| **2** | **Holy Son** | |
| **3** | **Holy Spirit** | |
| | **Saints** | **Feast Days** |
| 4 | St. Mary, the Holy Theotokos | 15 August |
| 5 | St. Thomas | 3 July, 21 December |
| 6 | St. Joseph | Sunday after Christmas |
| 7. | St. Shmooni and her Children | 1 August |
| 8 | St. John the Baptist | 7 January |
| 9 | St. Stephen | 8 January |
| 10 | St. Peter & St. Paul | 29 June |
| 11 | St. Ignatios Noorono | 20 December |
| 12 | St. George | 6 May |
| 13 | St. Kuriakose & St. Yulithy | 15 July |
| 14 | St. Bahanam, St.Sarah & Forty martyrs | 10 December |
| 15 | St. Anthonios | 18 January |
| 16 | St. Basil the Great & St.Gregory of Nazianzus | 1 January |
| 17 | St. Jacob Bardaeus | 28 November |
| 18 | St. Afroth & St. Sabor (Kadeeshens) | 29 April |
| 19 | Mar Abdul Jaleel Gregorios | 27 April |
| 20 | St. Yeldo Mar Baselios | 3 October |
| 21 | St. Geevarghese Mar Gregorios Parumala | 2 November |
| 22 | St. Geevarghese Mar Dionysius Vattasseril | 23 February |
| 23 | H.H. Baselios Geevarghese II | 3 January |
| 24 | St. Kuriakose Mar Gregorios Pampady | 5 April |
| 25 | Angels, All Saints & all faithful departed | |

1. **Holy Father**
   സ്വർഗ്ഗരാജ്യ - സിംഹാസനമേറി - സ്ഥിതി ചെയ്യുന്നവനെ
   സർവ്വചരാചര പാലകനെ - സ്വസുതനെ ഭൂവിലയച്ചവനെ
   സുര വര സംഹതിനായകനെ - സുജനത്തിനു വരദായകനെ
   *ഓർക്കണമേ - ഞങ്ങളെയെന്നാളും*

2. **Holy Son**
   ഗോൽഗോത്തായിൽ - കുരിശുമരത്തിന്മേൽ - ആണികൾ മൂന്നേറ്റു
   പ്രാണൻ ഞങ്ങൾക്കായ് വിട്ടു-ത്ഥാനം ചെയ്തഥവാനേറി
   താതൻ തൻവലമാർന്നവനെ, - നാഥാ യേശു മഹേശ്വരനെ
   *ഓർക്കണമേ - ഞങ്ങളെയെന്നാളും*

3. **Holy Spirit**
   താതോത്ഭവനേ - ജീവദനാം നാഥാ - ജനകാത്മജതുല്യാ
   പരമാരാദ്ധ്യാ സംസ്തുത്യാ - നിബിയ ശ്ലീഹന്മാർ വഴിയായ്
   ഭാഷിച്ചവനെ പാവനനേ - ജീവനെഴും വിമലാത്മാവേ
   *ഓർക്കണമേ - ഞങ്ങളെയെന്നാളും*

4. **St. Mary, the Holy Theotokos** 15 August
   ബേതലഹേമിൽ - കല്ലിൻ ഗുഹതന്നിൽ - ലോകത്തിൻ പതിയെ
   പെറ്റവളെ ഗുണവിളനിലമേ, - ശാശ്വതകന്യേ, ഭാഗ്യവതി
   ഉടലോടംബരമാർന്നവളെ, - എൻ മാതാവെ മറിയാമേ
   *ഓർക്കണമേ - ഞങ്ങളെയെന്നാളും*

5. **St. Thomas** 3 July, 21 December
   മൈലാപ്പൂരിൽ - മശിഹായെ പ്രതിതൻ - ജീവൻ വച്ചവനെ
   നിരണം മുതലായവയേഴു - ഭവനം സംസ്ഥാപിച്ചവനെ
   ഇൻഡ്യയുടെ കാവൽക്കാരാ - മാന്യപിതാവേ മാർത്തോമ്മാ
   *ഓർക്കണമേ - ഞങ്ങളെയെന്നാളും*

6. **St. Joseph** Sunday after Christmas
   ഇസ്രായേല്യൻ - ദാവീദിൻ പുത്രൻ - ശില്പകലാകാരൻ
   കന്യകയുടെ കാവൽ പുരുഷൻ - വന്ദ്യവയോധിക മൌലിമണി
   കർത്താവിന്റെ വളർത്തു പിതാ-വുത്തമശീലൻ യൗസേപ്പേ
   *ഓർക്കണമേ - ഞങ്ങളെയെന്നാളും*

**7. St. Shmooni and her Children** 1 August

തേ-ജസ്സേറും, ദീപസ്തംഭങ്ങൾ - ശ്മൂനിയുമാത്മജരും
നാഥൻപേർക്കായ് ദയനീയം - വധമേല്ക്കുകയാൽ സ്വർഗ്ഗത്തിൽ
ശ്രീ നിറയും സാക്ഷികളല്ലോ - ഉടയവനുടെ നൽ സ്നേഹിതരേ!
*ഓർക്കണമേ - ഞങ്ങളെയെന്നാളും*

അന്തക രാജനതാം - അന്ത്യോഖ്യോസ് തന്റെ - ഭീഷണിയേറ്റിട്ടും
മാതാ ശ്മൂനിയൊടൊപ്പം തൻ - ആത്മജ വത്സലരേവരുമേ
പീഡകളിൽ പതറീടാതെ - വീര കിരീടം പ്രാപിച്ചോർ
*ഓർക്കണമേ - ഞങ്ങളെയെന്നാളും*

**8. St. John the Baptist** 7 January

ലോകത്തിൻ പാപം - പേറും ദൈവത്തിൻ - കുഞ്ഞാടെന്നേവം
മശിഹായെ സാക്ഷിച്ചവനെ - സ്ത്രീസംജാതരിലഗ്രിമനെ
മൗലിയെ ബലിയർപ്പിച്ചവനെ, - സ്നാപക മാർ യൂഹാനോനെ
*ഓർക്കണമേ - ഞങ്ങളെയെന്നാളും*

**9. St. Stephen** 8 January

ശ്ലീഹന്മാർ കൈവെ - പ്പേകിയ ശെമ്മാശ്ശൻ - സഹദേന്മാർ മുമ്പൻ
യൂദന്മാർക്കെതിരായ് വേദം - വ്യാഖ്യാനിച്ച മഹാജ്ഞാനി
എറിയുന്നോർക്കായ് പ്രാർത്ഥിച്ചോൻ- ദർശകനെ സ്തേഫാനോസേ
*ഓർക്കണമേ - ഞങ്ങളെയെന്നാളും*

**10. St. Peter & St. Paul** 29 June

യൗനാൻതൻ തനയാ,-ശ്ലീഹഗണപ്രമുഖാ-ഈശോ ദൈവസുതൻ
മിശിഹാ എന്നുരചെയ്തവനെ - അനുതാപി മാർ പത്രോസേ
രാജ്യംചുറ്റി വിജാതികളെ - നേടിയ മാർ പൗലോസ് ശ്ലീഹാ
*ഓർക്കണമേ - ഞങ്ങളെയെന്നാളും*

**11. St. Ignatios Noorono** 20 December

ശൈശവമതിലീശോ - തൃക്കൈകളിലേന്തി - പ്പരിലാളിച്ചവനെ
അന്ത്യോഖ്യായുടെ അദ്ധ്യക്ഷാ, - ലേഖനമേഴു ചമച്ചവനെ
കേസരികൾക്കിരയായവനെ, - ഇഗ്നാത്തിയോസഗ്നിമയാ
*ഓർക്കണമേ - ഞങ്ങളെയെന്നാളും*

**12. St. George** 6 May

രാജരാജന്നായ് - ജീവനുപേക്ഷിച്ചും - പാഷാണ്ഡന്മാരോ
ടതി ധീരതയോടടരാടി - ജയമകുടം പ്രാപിച്ചവനെ
സർപ്പത്തെ ഹിംസിച്ചവനെ - മാർ ഗീവറുഗീസാം സഹദാ
*ഓർക്കണമേ - ഞങ്ങളെയെന്നാളും*

**13. St. Kuriakose & St. Yulithy** 15 July

യൂലിത്തി എന്ന - മുന്തിരി തലപെറ്റ - വാഴ്‌വിൻ പൂങ്കുലയേ,
വാദത്തിൽ ക്രിസ്തേതരനാം - മന്നനെ വീഴ്ത്തിയ ശിശുവീരാ
ആദിയിലമ്മയ്ക്കതി ധൈര്യം - നൽകിയ മാർ കുറിയാക്കോസേ
*ഓർക്കണമേ - ഞങ്ങളെയെന്നാളും*

**14. St. Bahanam, St. Sarah & Forty martyrs** 10 December

പേ-ർഷ്യാരാജൻ - സെൻഹറിബിൻ സുതനെ - സോദരി സാറായും
നാല്പതു സഹദേന്മാരോപ്പം - സ്വർഗ്ഗമഹാഭാഗ്യം നേടാൻ
വിഗ്രഹസേവ വെടിഞ്ഞോനെ - മഹിതൻ മാർ ബഹനാംസഹദാ
*ഓർക്കണമേ - ഞങ്ങളെയെന്നാളും*

**15. St. Anthonios** 18 January

ഉന്നതകുല ജാതാ - ആത്മോന്നതി കരുതി -ഐഹിക സമ്പാദ്യം
സകലം വിട്ടതി ഭീതികരം - മിസ്രേം കാനനമാർന്നവനെ,
ദയറാജീവിത വഴികാട്ടി - സിദ്ധൻ മാർ അന്തോനിയോസ്
*ഓർക്കണമേ - ഞങ്ങളെയെന്നാളും*

**16. St. Basil the Great & St. Gregory of Nazianzus** 1 January

പണ്ഡിത വൈദികനെ - റൂഹായുടെനാവെ, - സത്തമനാമിടയാ
സോദരനാം ഗ്രീഗോറിയോസ് - സഹിതം സഭയാം തോട്ടത്തിൽ
ദുർവചനക്കളകളെനിത്യം - നീക്കിയ ബസ്സേലിയോസേ
*ഓർക്കണമേ - ഞങ്ങളെയെന്നാളും*

**17. St. Jacob Bardaeus** 28 November

ലേയോന്യർക്കിടയിൽ - കർക്കശപീഡയതിൽ - സ്തുതിനേരായീടും
വിശ്വാസം സംരക്ഷിപ്പാൻ - നിരവധി യാതനയേറ്റനിശം
മരവും മലകാടും മേടും - ചുറ്റിയ യാക്കോബു ബുർദാനോ
*ഓർക്കണമേ - ഞങ്ങളെയെന്നാളും*

**18. St. Afroth & St. Sabor (Kadeeshens)** 29 April

പേർഷ്യയിൽ നിന്നെത്തി-പ്രേഷിതരായ് ശുചിയായ്-കർത്തനു പ്രിയതരമായ്
സുവിശേഷത്തെളിവേകി വിശു-ദ്ധന്മാരായ് നതി ചെയ്തീടും
സാഫോർ അഫ്രോത്ത് എന്നിവരാം-വിമല വിശുദ്ധ പുരോഹിതരേ
*ഓർക്കണമേ - ഞങ്ങളെയെന്നാളും*

ത്രിത്വത്തിൻ പേരാൽ-സ്നാനമതേൽപ്പാനും-തിരു തനു രുധിരങ്ങൾ
ക്കനുയോഗ്യരതായിടുവാനും - മലങ്കരയിൽ മഹിതോത്സുകരായ്
മികവൊടു മിഴിവേകിയൊരാകും - നിർമ്മല കാദീശന്മാരേ
*ഓർക്കണമേ - ഞങ്ങളെയെന്നാളും*

**19. Mar Abdul Jaleel Gregorios** 27 April

ജാതികളിൽനിന്നും-പീഢയുതിർന്നപ്പോൾ-അറബിയിൽ നിന്നെത്തി
മാർത്തോമ്മായുടെ ഇടവകയിൽ - ശാന്തി പകർന്നോനാം താതൻ
അബ്ദുൽ ജലീൽ ഗ്രീഗോറിയോസ് - മശിഹായുടെ പ്രിയ ഭാജനമേ!
*ഓർക്കണമേ - ഞങ്ങളെയെന്നാളും*

താപസനായ് കാലം-നീക്കിയ പുണ്യ പിതാ-മാർ ഗ്രീഗോറിയോസ്
തന്നോർമ്മയിതാദരവോടെ - തിരുസഭയാഘോഷിക്കുന്നു
നിൻ പ്രാർത്ഥന ഞങ്ങൾക്കെന്നും-തുണയായ് നിൽക്കണമേ താതാ!
*ഓർക്കണമേ - ഞങ്ങളെയെന്നാളും*

**20. St. Yeldo Mar Baselios** 3 October

മാ-ർത്തോമായാൽ - പൂർവ്വിക ദേശമതിൽ - സംസ്ഥാപിതമാകും
ദൈവത്തിൻ തിരുസഭ തന്നിൽ - മാർത്തോമായുടെ പീഠത്തിൽ
കാതോലിക്കാ പദമേറ്റ - യൽദോ മാർ ബസേലിയോസ്!
*ഓർക്കണമേ - ഞങ്ങളെയെന്നാളും*

ഭാ-രത ഭൂവിൽ - മലയാം കരതന്നിൽ - നിർമ്മല വിശ്വാസം
കാക്കും തന്നജ വൃന്ദത്തെ - തേടിയിറങ്ങിയ നല്ലിടയാ
പുണ്യാത്മാവാം പരിശുദ്ധാ - യൽദോ മാർ ബസേലിയോസ്!
*ഓർക്കണമേ - ഞങ്ങളെയെന്നാളും*

**21. St. Geevarghese Mar Gregorios Parumala** 2 November

ബാല്യത്തിൽതന്നെ – ദൈവത്തിനുവേണ്ടി – സ്വയമർപ്പിച്ചോനെ
ആജീവനവുമനന്തരവും – ദിവ്യാത്ഭുതകരനേ, ദിവ്യ,
പരനുടെ പരിമളഭാജനമേ – പരുമലമരുവും തിരുമേനി
*ഓർക്കണമേ – ഞങ്ങളെയെന്നാളും*

ചിന്താകുലരാം – സന്താനങ്ങളഹോ – സന്തതമീധരയിൽ
സന്താപക്കൂരിരുൾ നീങ്ങി – സന്തോഷക്കതിരൊളി കാൺമാൻ
പരികീർത്തിതനാം പരിശുദ്ധാ! – പരുമലമരുവും തിരുമേനി!
*ഓർക്കണമേ – ഞങ്ങളെയെന്നാളും*

**22. St. Geevarghese Mar Dionysius Vattasseril** 23 February

ഭാ–രതദേശേ – പ്രേഷിതനാം തോമാ – നട്ടൊരു തിരു സഭയിൽ
സ്വാതന്ത്ര്യത്തിൻ നിറദീപം – കത്തിച്ചതി ഭാസുരമാക്കി
കൺമണിപോൽ സഭയെ കാത്ത – ത്യാഗധനൻ ദിവന്നാസ്യോസ്
*ഓർക്കണമേ – ഞങ്ങളെയെന്നാളും*

ഗ്രീ–ഗോറിയോ–സാകും ഗുരുവരനേ – മാതൃകയാക്കിത്തൻ
ആത്മ ശരീര മനസ്സുകളെ – ധ്യാനം പ്രാർത്ഥന നോമ്പിവയാൽ
അതിനിർമ്മലമായ് സൂക്ഷിച്ച – വിജ്ഞൻ മാർ ദിവന്നാസ്യോസ്
*ഓർക്കണമേ – ഞങ്ങളെയെന്നാളും*

**23. H. H. Baselios Geevarghese II** 3 January

തോമ്മാശ്ലീഹാ തൻ –മലങ്കരയാം സഭയിൽ – ഇടയ പ്രമുഖനതായ്
വാണരുളിയ താപസ ശ്രേഷ്ഠൻ – ഗീവർഗ്ഗീസ് ബസേലിയോസ്
ദൈവത്തെ ദർശിച്ചവനാം – പുണ്യപിതാവാകും ബാവാ
*ഓർക്കണമേ – ഞങ്ങളെയെന്നാളും*

പരുമലപരിശുദ്ധൻ – തന്നുടെ ശിഷ്യനതായ് – ശോഭിതനാം ബാവാ
നോമ്പാലും പ്രാർത്ഥനയാലും – കർത്താവിനു പ്രിയനായ്ത്തീർന്നു
അരികളിൽ നിന്നും തിരുസഭയെ–കൺമണിപോൽ കാത്തൊരു താതാ
*ഓർക്കണമേ – ഞങ്ങളെയെന്നാളും*

**24. H.G. Kuriakose Mar Gregorios Pampady** 5 April

വിനയത്തിൻ മകുടം – ചൂടിയ ഋഷി വര്യൻ – മാർ ഗ്രീഗോറിയോസ്
പാമ്പാടി തൻ മണി ദീപം – ദൈവത്തിനു പ്രിയ ഭാജനവും
സാധുക്കൾക്കത്താണിയുമാം – യോഗീശ്വരനാം പരിശുദ്ധാ!
*ഓർക്കണമേ – ഞങ്ങളെയെന്നാളും*

ദൈവികമാം ജ്ഞാനം– ദർശനമെന്നിവയാൽ – ദൈവത്തിൻ സഭയിൽ
കതിരൊളി വീശിയ പരിശുദ്ധൻ – പ്രാർത്ഥനയാൽ മാരക വ്യാധി
ജനതയിൽ നിന്നും മായിച്ച – "താബോറിൻ" നൽ പരിമളമേ!
*ഓർക്കണമേ – ഞങ്ങളെയെന്നാളും*

**25. Angels, All Saints & all faithful departed**

ഒൻപതു വൃന്ദമതായ് – ദൈവസ്തുതി ചെയ്യും – മാലാഖമാരെ
പരനായ് ജീവിതമർപ്പിച്ച – നിരുപമ പരിശുദ്ധന്മാരെ,
ശരണത്തോടെ യിഹംവിട്ട – ഭക്തരതാം വിശ്വാസികളെ
*ഓർക്കണമേ – ഞങ്ങളെയെന്നാളും*


***Acknowledgement:***

Very Rev. M. C. Kuriakose Remban & Sabha Kavi Sri. C. P. Chandy (Hymns: 1-6, 8-17, 21,25)

His Grace Dr. Yakob Mar Irenaios (Hymns: 7, 19, 20, 22-24)

---



***Compiled by***

St. Dionysius Indian Orthodox Church
Auckland, New Zealand

www.sdiocnz.org